**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം- കൊച്ചി നഗരസഭയുടെ കീഴിൽ പ്രവർത്തിക്കുന്ന ഹോമിയോ ഡിസ്പെൻസറികളിൽ കരാറടിസ്ഥാനത്തിൽ സേവനമനുഷ്ഠിച്ചുവരുന്ന ഡോക്ടർ, കമ്പൗണ്ടർ, അറ്റൻ്റർ - ഹോണറേറിയം വർദ്ധിപ്പിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്**

സ.ഉ. (സാധാ) നം.2198/2018/തസ്വഭവ. തീയതി, തിരുവനന്തപുരം, 09/08/2018.

---

പരാമർശം :- 1. നഗരകാര്യ ഡയറക്ടറുടെ 3.02.2018 ലെ ഇ 5-376/2018 നമ്പർ കത്ത്.

2. കൊച്ചി നഗരസഭാ കൗൺസിലിന്റെ 21.11.2017 ലെ 84- ാം നമ്പർ തീരുമാനം.

3. ജി.ഒ(ആർ.റ്റി) 1740/2016/തസ്വഭവ തീയതി. 24.05.2016

**ഉത്തരവ്**

കൊച്ചി നഗരസഭയുടെ കീഴിൽ പ്രവർത്തിക്കുന്ന 32 ഹോമിയോ ഡിസ്പെൻസറികളിൽ കരാറടിസ്ഥാനത്തിൽ ഡോക്ടർ, കമ്പൗണ്ടർ, അറ്റൻ്റർ എന്നി തസ്തികകളിൽ സേവനമനുഷ്ഠിച്ചുവരുന്ന ജീവനക്കാരുടെ നിലവിൽ ഹോണറേറിയം നല്കി വരുന്നത് യഥാക്രമം 15000/, 8250/-, 7125/- രൂപ നിരക്കിലാണ് . ടി ജീവനക്കാർക്ക് നിലവിൽ നൽകിവരുന്ന തുകയുടെ 15% ഹോണറേറിയം വർദ്ധനവ് വരുത്തുന്നതിന് സൂചന(2) പ്രകാരം കൊച്ചി നഗരസഭാ കൗൺസിൽ തീരുമാനിച്ചിരുന്നതായും ആയതിനാൽ ദിനം പ്രതി വർദ്ധിച്ചുവരുന്ന ജീവിതച്ചെലവുകൾ കാരണം ഹോണറേറിയം മാത്രം ആശ്രയിച്ചു കഴിയുന്ന ഡിസ്പെൻസറികളിലെ ഡോക്ടർമാർ/കമ്പൌണ്ടർമാർ/ അറ്റൻഡർമാർ എന്നിവരുടെ ദൈനംദിന ജീവിത ചെലവുകൾ നിർവ്വഹിക്കുവാൻ കഴിയാത്ത സാഹചര്യം പരിഗണിച്ച് ഹോണറേറിയം 15% വർദ്ധിപ്പിക്കണമെന്നും സൂചന(1) പ്രകാരം നഗരകാര്യ ഡയറക്ടർഅഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊച്ചി നഗരസഭയുടെ കീഴിൽ പ്രവർത്തിക്കുന്ന 32 ഹോമിയോ ഡിസ്പെൻസറികളിൽ ഡോക്ടർ, കമ്പൗണ്ടർ, അറ്റൻ്റർ എന്നി തസ്തികകളിൽ കരാറടിസ്ഥാനത്തിൽ സേവനമനുഷ്ഠിച്ചുവരുന്ന ജീവനക്കാർക്ക് യഥാക്രമം നിലവിൽ നല്കിവരുന്ന തുകയായ 15,000/-( പതിനഞ്ചായിരം ) രൂപ, 8250/-( എണ്ണായിരത്തി ഇരുനൂറ്റിയമ്പത് രൂപ മാത്രം ) രൂപ, 7125/- (ഏഴായിരത്തി ഒരുനൂറ്റി ഇരുപത്തിയഞ്ച് രൂപ മാത്രം ) രൂപ എന്നിവയുടെ 15% വർദ്ധനവ്, 21-11-2017 തീയതി മുതൽ മുൻകാലപ്രാബല്യത്തിൽ, അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആയതിലേയ്ക്ക് ആവശ്യമായ തുക നഗരസഭയുടെ തനത്ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണ്.

**ഗവർണറുടെ ഉത്തരവിൻ പ്രകാരം**
**എസ്.മോഹൻദാസ്**
**അഡീഷണൽ സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്),
സെക്രട്ടറി, കൊച്ചി നഗരസഭ(നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം (ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**